LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർഫെഡിലെ ഓഡിറ്റിംഗ്

121(2322) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ ഏതു വർഷംവരെയുള്ള ഓഡിറ്റിംഗാണ് പൂർത്തിയായിട്ടുള്ളത്; പൂർത്തിയായ ഓഡിറ്റിംഗ് റിപ്പോർട്ടുപ്രകാരമുള്ള അറ്റ നഷ്ടം എത്രയാണ്; അവസാന വർഷ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ എന്തൊക്കെയാണ്;

(ബി) കൺസ്യൂമർഫെഡിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ 2011-12 വർഷം വരെയുള്ള ആഡിറ്റാണ് പൂർത്തിയായിട്ടുള്ളത്. ആയത് പ്രകാരം ഫെഡറേഷന്റെ അറ്റനഷ്ടം 128.23 കോടി രൂപയാണ്. അവസാന വർഷ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിച്ച ന്യൂനതകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) കൺസ്യൂമർഫെഡിന്റെ ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്കായി സബ്സിഡി ഇനത്തിൽ സർക്കാർ നൽകുവാനുള്ള തുക നൽകുന്നതിനുള്ള മാനേജിംഗ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. സഹകരണ ഓണം വിപണി-2015 നടത്തുന്നതിനായി സർക്കാർ സബ്സിഡിയായി കൺസ്യൂമർഫെഡറേഷന് 25 കോടി രൂപ നൽകിയിട്ടുണ്ട്. സഹകരണ ക്രിസ്തുമസ് വിപണി-2015 നടത്തുന്നതിലേക്കായി സബ്സിഡി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കൺസ്യൂമർഫെഡിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക് സബ്സിഡി

122(2323) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഏതെല്ലാം സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത് എന്ന് വിശദമാക്കാമോ; അവശ്യ വസ്തുക്കൾ മാർക്കറ്റ് നിരക്കിനേക്കാൾ കുറച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഉപഭോക്താക്കൾക്ക് വാഹനങ്ങളിൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് ക്രമീകരിച്ചിരിക്കുന്ന സംവിധാനം വാഹനം കേട് വന്നതുമൂലം ഉപേക്ഷിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ വിൽപന ശാല നവീകരിക്കുന്നതിനും ഇവിടെ നിന്നുമുള്ള സഞ്ചരിക്കുന്ന വിൽപ്പന ശാല പുനഃരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ മാത്രം കൺസ്യൂമർഫെഡ് കാലാകാലങ്ങളിലായി നടത്തിവരുന്ന ഉൽസവകാല വിപണികളിലൂടെ മുവടെ ചേർക്കുന്ന 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്തുവരുന്നു.

1. ജയ അരി
2. കുറുവ അരി
3. കുത്തരി
4. പച്ചരി
5. പഞ്ചസാര
6. ചെറുപയർ
7. കടല
8. ഉഴുന്ന്
9. വൻപയർ
10. മല്ലി
11. തുവരപ്പരിപ്പ്
12. മുളക്
13. വെളിച്ചെണ്ണ

പ്രസ്തുത നടപടിയിലൂടെ പൊതുവിപണിയിൽ നിന്നും 15 മുതൽ 50% വരെ വില കുറയ്ക്കുന്നതിന് വ്യാപാരികൾ നിർബന്ധിതരാകുകയും തൻമൂലം പൊതുവിപണിയിൽ അനുഭവപ്പെട്ടിരുന്ന കൃത്രിമക്ഷാമം പോലെയുള്ള ദുഷ്പ്രവണതകൾ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വർഷം മുഴുവനും പ്രവർത്തിക്കുന്ന ത്രിവേണി, നന്മ സ്റ്റോറുകളിലൂടെ പൊതുവിപണിയിൽനിന്നും കുറഞ്ഞ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. എന്നാൽ വാഹനങ്ങളുടെ ടെസ്റ്റ് വർക്കിനുവേണ്ടിയുള്ള അറ്റകുറ്റപ്പണികൾ കൺസ്യൂമർഫെഡിന് അനുഭവപ്പെട്ടുവരുന്ന സാമ്പത്തിക മാന്ദ്യം മൂലം യഥാസമയം സ്റ്റോക്ക് ലഭ്യമാകുന്നതിൽ വന്ന കുറവുകൾ എന്നിവ കാരണം 69 മൊബൈൽ ത്രിവേണികൾ ഇപ്പോൾ താൽക്കാലികമായി പ്രവർത്തന രഹിതമായിട്ടുണ്ട്. പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് ടി സംവിധാനം പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോർ വിൽപ്പനശാല നവീകരിക്കുന്നതിന് നാളിതുവരെ തീരുമാനിച്ചിട്ടില്ലെങ്കിലും കൊണ്ടോട്ടിയിൽ നിന്നുള്ള സഞ്ചരിക്കുന്ന വിൽപ്പനശാല നടത്തുന്ന വാഹനത്തിന്റെ ടെസ്റ്റ് വർക്കിനുവേണ്ടിയുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടെസ്റ്റ് വർക്ക് പൂർത്തിയാക്കി ഉടൻതന്നെ പ്രസ്തുത വിൽപ്പനശാല പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സഹകരണ മേഖലയിലെ എന്റെ സംഘം കാമ്പയിൻ

123(2324) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണമേഖലയിൽ എന്റെ സംഘം ക്യാംപയിൻ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ 'എന്റെ സംഘം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly